
# D-MAG




PREPARED BY

LITTLEKITES

GHSS&VHSS PATHANAMTHITTA

# ആശംസകളോടെ,



ഹൈടെക് പദ്ധതിയുടെ ഭാഗമായ

ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മ

തയ്യാറാക്കിയ

ഡി-മാഗ്

എന്ന ഈ മാഗസിന് എല്ലാ വിധ
ആശംസകളും നേരുന്നു

സ്കൂൾ ഹെഡ്മിസ്ട്രസ്സ്



# സന്ദേശം



പത്തനംതിട്ട തൈക്കാവ് ഗവൺമെൻറ്
ഹൈസ്കൂളിലെ ലിറ്റിൽ കൈറ്റ്സ്
അംഗങ്ങൾ തയാറാക്കിയ ഡിജിറ്റൽ
മാകസീൻ ഉള്ളടക്കം കൊണ്ടും
ആശയം കൊണ്ടും സമ്പുഷ്ടമാണ്.


ഈ സംഭ്രമവത്തിന് ഹൃദയം നിറഞ്ഞ
ഒരായിരം ആശംസകൾ.

കൈറ്റ് മാസ്റ്റർ

ബഷീർ.കെ

# ആശംസകൾ

ഡിജിറ്റൽ ലോകത്തേക്ക്



*ലിറ്റിൽ കൈറ്റ്സി* നെ

കൈപിടിച്ചുയർത്തുവാൻ

സഹായിക്കുന്ന

ഈ സൃഷ്ടിക്ക്

എല്ലാ വിധ ആശംസകളും

കൈറ്റ് മിസ്ട്രസ്സ്





# എഡിറ്റോറിയൽ ബോർഡ്

സ്റ്റുഡൻറ് എഡിറ്റർ വർഷ റ്റി ബാലൻ

ബോർഡ് അംഗങ്ങൾ

സുനിത ദാസ്

സഹദിയ ഇസ്മയിൽ

അജ്മി റഹിം

നന്ദന കൃഷ്ണൻ

അമ്പാടി

ചന്ദ്രകൃഷ്ണൻ

**കവർ രൂപകല്പന അഭയകൃഷ്ണൻ**

# Index


നെറ്റിലെ കയ്യടക്കം.....7

എന്റെ ഭാരതം.....8

നിത്യചൈതന്യയതി.....9

ഉരുൾപൊട്ടൽ – ഉത്തരവാദി പ്രകൃതിയോ ? അതോ മനുഷ്യനോ?.....10

എന്തുകൊണ്ടാണ് ഉരുൾപൊട്ടൽ സംഭവിക്കുന്നത്?.....13

ജി ശങ്കരക്കുറുപ്പ്.....15

അത്യാഗ്രഹം ആപത്താണ്.....16

അണ്ണാറ കണ്ണൻ.....19

ഒന്നും ഒന്നും.....20

കുഞ്ഞാറ്റക്കിളി വന്നോളൂ.....21

സ്വാതന്ത്ര്യഗാഥ.....22

മലയാളമേ നിനക്കഭിവാദനം.....23

റിച്ചാർഡ് സ്റ്റാൾമാൻ.....24

കുളത്തിലെ മീനുകൾ.....25

അരുതേ അരുതേ.....26

ഹൈടെക്ക് പദ്ധതി.....27

The Fox and the Grapes.....28

BITS OF PAPER.....29

A FOR APPLE, B FOR BALL.....30

The Fox and the Crow.....31

RAIN RAIN GO AWAY.....32

Batterflies Butterflies.....33

നന്ദി.....34

# നെറ്റിലെ കയ്യടക്കം




ഇൻറർനെറ്റ് ഉപയോഗിക്കാത്ത ഒരൊറ്റദിവസംപോലും ഇപ്പോൾ നമു-
ക്കാർക്കുമുണ്ടാകില്ല, അല്ലേ? പഠനത്തിൻെറ ഭാഗമായുംഅല്ലാതെയുമൊ-
ക്കെ നാമിപ്പോൾ ഇൻറർനെറ്റ് ഇഷ്ടം പോലെഉപയോഗിക്കുന്നുണ്ട്. ഗെയ്മിങ്, പാട്ട്,സിനിമ,സോഷ്യൽമീഡിയഅത്യാവശ്യം തിരച്ചിൽ എന്നിവയൊക്കെയാണ് ഉപയോഗത്തിൽ ഭൂരിഭാഗവും. സമൂഹത്തിലെന്നപോലെ എല്ലാത്തരം ആളുകളും വിഹരിക്കുന്ന സൈബറിടങ്ങളിൽ തികഞ്ഞ ജാഗ്രതയും കരുതലുമുണ്ടെങ്കിൽ, നിങ്ങളുടെ പഠനകാര്യങ്ങളിലും മറ്റും ഇത്രയേറെ സഹായിക്കുന്ന മറ്റൊരു ഉറവിടം ഇല്ലതന്നെ. സദുപയോഗങ്ങളിൽ ശ്രദ്ധപതിപ്പിച്ചാൽ ദുരുപയോഗത്തിന് സമയമുണ്ടാവില്ല.

# എന്റെ ഭാരതം

ആർഷഭാരതഭൂമി,ഇതൊ-
രപൂർവസംസ്കൃതഭൂമി
ധർമ്മാധർമ്മ രണാങ്കണഭൂമി
കർമ്മവിമോചനഭൂമി
(ആർഷ...)
നാനാജാതികൾ മതങ്ങൾ,ഭാഷകൾ
നാകം തീർക്കും ലോകം
സഹവർത്തിത്വം സഹനം,മനസിൽ
സദാ മുഴങ്ങും മന്ത്രം
(ആർഷ...)
നാനാത്വത്തിലെ എകത്വത്തിൽ
നാളുകൾ പുലരും ദേഷം
ജനാധിപത്യം തിലകം ചാർത്തും
വിശാല സുന്ദരദേഷം
(ആർഷ...)
വേദപുരാതനമഹാരഥന്മാർ
ത്യാഗം ചെയ്തൊരു ഭൂമി
ലോകം മുഴുവൻ സുഖം ഭവിക്കാൻ
യാഗം ചെയ്തൊരു ഭൂമി
(ആർഷ...)

# നിത്യചൈതന്യയതി

(1924-1999)



പത്തനംതിട്ടയിലെ വകയാറിൽ ജനിച്ചു.തത്ത്വചിന്തകൻ,എഴുത്തുകാരൻ എന്നീ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചു. മനശാസ്ത്രം ജീവിതത്തിൽ, യതിചര്യ , മൂല്യങ്ങളുടെ കുഴമറിച്ചിൽ, നളിനി എന്ന കാവ്യ ശിൽപ്പം, സമ്യക്കായ ലോകവീക്ഷണം, എന്റെ മനസ്സിലെ ഗാന്ധി, പ്രേമവും ഭക്തിയും തുടങ്ങി അൻപത്തിയെട്ടോളം ഇംഗ്ലീഷ് കൃതികളും രചിച്ചു.കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു.

# ഉരുൾപൊട്ടൽ – ഉത്തരവാദി പ്രകൃതിയോ ? അതോ മനുഷ്യനോ?



ഒരു പ്രകൃതിപ്രതിഭാസമായാണ് ഉരുൾപൊട്ടലിനെ വിശേഷിപ്പിക്കുന്നത്. മനുഷ്യ ഇടപെടലുകൾ ഇല്ലാത്ത കാടുകളിലും മലഞ്ചെരിവുകളിലും മണ്ണിടിച്ചിലും ഉരുൾപൊട്ടലും ഉണ്ടാകാറുണ്ട്. ശിലാപാളികളുടെ ശക്തിക്ഷയവും രൂപാന്തരങ്ങളും മൺപാളികളിലെ രാസ – ഭൗതിക മാറ്റങ്ങളും സസ്യലതാദികളുടെ പരിക്രമണങ്ങളും ശക്തമായ വർഷപാതവും ദ്രവീകരണവും ഒക്കെ ഉരുൾപൊട്ടലുണ്ടാകാനുള്ള കാരണങ്ങളാണ്. നമ്മുടെ നാട്ടിൽ മഴക്കാലം മണ്ണിനെ അതി പൂരിതമാക്കുമ്പോൾ വേനൽക്കാലം മണ്ണിനെ വരണ്ടതാക്കുന്നു. കൊല്ലത്തിൽ ഇങ്ങനെ ഇടവിട്ടുള്ള നനയലും വരളലും, സസ്യാവരണങ്ങൾ കുറഞ്ഞ ചരിവുകൂടിയ പ്രതലങ്ങളിൽ മണ്ണിടിച്ചിലുണ്ടാക്കുന്നു. ഭൂമികുലുക്കം, മേഘസ്ഫോടനം, കടും വരൾച്ചയെത്തുടർന്നുണ്ടായേക്കാവുന്ന പേമാരി തുടങ്ങിയവും ഉരുൾപൊട്ടലിനുള്ള സ്വാഭാവിക കാരണങ്ങളാണ്.



# എന്താണ് ഉരുൾപൊട്ടൽ?

ഭൂസ്ഥിരത നഷ്ടപ്പെടുന്നതുമൂലം ഉയർന്ന പ്രദേശങ്ങളിലെ മണ്ണും പാറയും ചരലും ഉരുളൻകല്ലുകളും മറ്റ് ഭൂവസ്തുക്കളും വൻതോതിൽ വളരെ പെട്ടെന്ന് താണ സ്ഥലങ്ങളിലേക്ക് പതിക്കുന്ന പ്രതിഭാസമാണ് ഉരുൾപൊട്ടൽ. ഉൽഭവസ്ഥാനത്ത് നിന്നും പതനസ്ഥലത്തേക്ക് എത്തുന്ന വഴി അവിടങ്ങളിലെ എല്ലാ വസ്തുക്കളും തകർക്കപ്പെടുന്നു. അവശേഷിക്കുന്നത് നഗ്നമാക്കപ്പെട്ട അടിപ്പാറകൾ മാത്രമാകും. ഈ സ്ഥലങ്ങളിൽ നീർച്ചാലുകൾ രൂപപ്പെടുന്നതും കാണാം

ഭൂസ്ഥിരത നഷ്ടപ്പെടുന്നതിന് നിരവധി കാരണങ്ങളുണ്ടാകാം. ഭൂമിശാസ്ത്രപരം, ഭൂരൂപാന്തരണപരം(Geomorphology), ഭൗതികപരം, മനുഷ്യഇടപെടൽഎന്നിവയ്ക്ക് പുറമേ മണിക്കൂറുകൾ (ചിലപ്പോൾ,ദിവസങ്ങൾ) നീണ്ടുനിൽക്കുന്ന ശക്തിയായ മഴയും ഉരുൾപൊട്ടലിനുള്ളകാരണങ്ങളാണ്.

ഭൂമിയുടെ കിടപ്പ്, ചരിവ്, പാറകളുടെ സ്വഭാവം, മണ്ണിൻറെ ഘടന, മരങ്ങളുടെ പ്രത്യേകത തുടങ്ങിയവ കണക്കിലെടുക്കാതെ മലഞ്ചരുവുകളിൽ കൃഷ്ചെയ്യുന്നതും മണ്ണും പാറയും ഖനനം നടത്തുന്നതും റോഡ് പണിയുന്നതും കെട്ടിടനിർമാണവും ഒക്കെ ചരിഞ്ഞ പ്രതലങ്ങളുടെ സന്തുലിതാവസ്ഥ തകർക്കുകയും വൻതോതിലുള്ള മണ്ണിടിച്ചിലിനും മണ്ണൊലിപ്പിനും കാരണമാവുകയും ചെയ്യുന്നു. മനുഷ്യജീവനടക്കം നഷ്ട്പെടുന്ന വൻ ദുരന്തങ്ങൾക്ക് ഇത് വഴിവെക്കുന്നു.

ജൂൺ രണ്ടാംവാരം കോഴിക്കോട് ജില്ലയിലെ മലയോര പ്രദേശങ്ങളിൽ വ്യാപകമായ ഉരുൾപൊട്ടലിന് കാരണമായത്, മണിക്കൂറുകൾ നീണ്ടുനിന്ന ശക്തമായ മഴയായിരുന്നു. ജൂൺ 14 ന് കോഴിക്കോട് ജില്ലയിലെ ചാത്തൻകാവ് മഴമാപിനിയിൽ രേഖപ്പെടുത്തിയ മഴ 259 മില്ലീമീറ്ററായിരുന്നു. ഇതിലും അധികം മഴമലഞ്ചരിവുകളിൽ

പെയ്തിട്ടുണ്ടാകണം. ഈ സ്ഥലങ്ങൾ സന്ദർശിച്ചതിൽ നിന്നും മനസ്സിലായത് മനുഷ്യ ഇടപെടലുകൾ തന്നെയാണ് ഉരുൾപൊട്ടലിനും മണ്ണിടിച്ചിലിനും കാരണമായിരിക്കുന്നത് എന്നാണ്. ചെങ്കുത്തായ മലകളിൽപ്പോലും വീതിയുള്ള റോഡുകൾ നിർമിച്ചിരിക്കുന്നത് കാണാം. ഇത്തരം റോഡുകൾക്ക് ഓവുചാലുകൾ

നിർമിച്ചിട്ടുണ്ടെങ്കിലും അവ മഴക്കാലത്തെ ജലപ്രവാഹത്തെ

ഉൾക്കൊള്ളാനാവുന്നവയല്ല.

ഒന്നാംശ്രേണിയിലും രണ്ടാം ശ്രേണിയിലും പെട്ട നിരവധി നീർച്ചാലുകളെ ഈ റോഡുകൾ മുറിച്ചു കടക്കുന്നതിനാൽ സ്വാഭാവിക ഒഴുക്കിൻറെ ദിശ മാറ്റപ്പെടുന്നു. പലപ്പോഴും റോഡുകൾ നിർമിക്കുന്നതിനായി നികത്തപ്പെടുന്നതും പരിവർത്തനം ചെയ്യപ്പെടുന്നതും മലയോരങ്ങളിലെ ഒന്ന് – രണ്ട് ശ്രേണികളിലായുള്ള നീർച്ചാലുകളെയാണ്. ചെങ്കുത്തായ മലനിരകളിൽ അതാതിടത്ത് പെയ്യുന്ന മഴവെള്ളത്തെ അപ്പപ്പോൾ ഒഴുക്കി മാറ്റുന്ന ധർമമാണ് ഈ ചെറുചാലുകൾ (അരുവികൾ) നിർവഹിക്കുന്നത്. സുഗമമായ ഒഴുക്കിന് വിഘാതം സംഭവിക്കുമ്പോൾ വെള്ളം കെട്ടിനിൽക്കുകയും മൺസുഷിരജലമർദ്ദം (pre water pressure) അധികരിക്കുന്നതിന് ഇടയാക്കുകയും ചെയ്യും. ഈ ജലമർദമാണ് ഉരുൾപൊട്ടലിനുള്ള ഒരു അടിസ്ഥാന ഘടകം.



# എന്തുകൊണ്ടാണ്
# ഉരുൾപൊട്ടൽ സംഭവിക്കുന്നത്?

സ്വാഭാവിക മരങ്ങൾ മുറിച്ചുമാറ്റുക, ഇടവിള (നാണ്യവിള) തോട്ടങ്ങൾ ഉണ്ടാക്കുക, മണ്ണൊലിപ്പിന് കാരണമാകുന്ന കൃഷികൾ ചെയ്യുക, ഫാമുകൾ നിർമിക്കുക, കെട്ടിടം പണിയുക, അമിതഭാരം ഏൽപ്പിക്കുക, സ്പോടനങ്ങൾ, ഭാരമേറിയ വാഹനങ്ങളുടെ സഞ്ചാരം തുടങ്ങിയവയെല്ലാം ഉരുൾപൊട്ടലിന് കാരണമാകുന്ന ഘടകങ്ങളാണ്.

ഇങ്ങനെ വിശകലനം ചെയ്താൽ കണ്ടെത്തുക 70 ശതമാനം ഉരുൾപൊട്ടലുകൾക്കും കാരണം മനുഷ്യ ഇടപെടലുകളാണെന്നാണ്. കേരളത്തിൻറെ ഭൂമിശാസ്ത്രവും കാലാവസ്ഥാപരമായ പ്രത്യേകതകളും നാം അനിവാര്യമായി മനസ്സിലാക്കിയിരിക്കണം. ഓരോ ഇടപെടലും എന്ത് പ്രത്യാഘാതമാണ് ഉണ്ടാക്കുക എന്നറിയണം. ദുരന്തങ്ങൾ ഇനിയും സംഭവിക്കാതിരിക്കാൻ നിതാന്ത ജാഗ്രത കൂടിയേ തീരൂ.പശ്ചിമഘട്ടമലനിരകളുടെ സംരക്ഷണം കേരളം എന്ന ഈ ചെറു ഭൂപ്രദേശത്തിൻറെ നിലനിൽപ്പിന് ഒഴിച്ചുകൂടാനാവാത്തതാണ്. അതിന്റെ സംരക്ഷണം കേവലം ഭൂമിയുടെ ക്രയവിക്രയവുമായി ബന്ധപ്പെടുത്തി മാത്രം നോക്കിക്കാണുന്നത് തികഞ്ഞ അസംബന്ധമായിരിക്കും. അനുഭവങ്ങളിൽ നിന്ന് നാം പാഠങ്ങൾ ഉൾക്കൊള്ളുന്നില്ലെങ്കിൽ ഇനി വരാനിരിക്കുന്നത് കൊടിയവിപത്തുകളായിരിക്കുമെന്ന് അറിയുകപശ്ചിമഘട്ട മലനിരയിൽ ആവർത്തിച്ചുണ്ടാകുന്ന ഉരുൾപൊട്ടലിന്റെ തീവ്രത കാലം കഴിയുന്തോറും കൂടി വരികയാണ്.

കേരളത്തിൻറെ ഭൂവിസ്തൃതിയുടെ 50 ശതമാനം മലനാടാണ്. ജനസംഖ്യയുടെ 35 ശതമാനം അധിവസിക്കുന്നത് ഈ മേഖലയിലാണ്. ഉരുൾപൊട്ടലും മണ്ണിടിച്ചിലും വരുത്തിവെക്കുന്ന നഷ്ടങ്ങളുടെ കണക്ക് ജീവഹാനി സംഭവിച്ചവരുടെ എണ്ണത്തെ മാത്രം അടിസ്ഥാനമാക്കി വിലയിരുത്തുന്നതിനപ്പുറം മാനവരാശിക്ക് നഷ്ടപ്പെട്ട മണ്ണും ധാതുസമ്പത്തും പോഷകങ്ങളും എത്രയെന്നുകൂടി തിട്ടപ്പെടുത്തണം. അപ്പോൾ മാത്രമേ അത് എങ്ങനെ നമ്മുടെ ഭാവിയെക്കൂടി ബാധിക്കുന്നു എന്നു ബോധ്യമാകൂ.

ഭൂമിയിൽ ഒരൽപ്പം മണ്ണുണ്ടായി വരാൻ നൂറു കണക്കിനു കൊല്ലങ്ങളെടുക്കും. മഴ, മഞ്ഞ്, ചൂട്, തണുപ്പ്, മർദം തുടങ്ങിയ ഭൗതിക ഘടകങ്ങളുടെ പശ്ചാത്തലത്തിൽ രാസ – ജൈവ പ്രക്രിയകൾ നിരന്തരം നടക്കുന്നതിൻറെ ഫലമായിട്ടാണ് മണ്ണുണ്ടാകുന്നത്. ഈ മണ്ണാണ് മനുഷ്യനെ മലമുകളിൽ പോലും കൊണ്ടെത്തിച്ചത്. പക്ഷേ, അവിടെ പാലിക്കേണ്ട 'വികസന അച്ചടക്കം' ആരും ചെവികൊള്ളുന്നില്ല. ചെങ്കുത്തായി കിടക്കുന്ന ഇത്തരം പരിസ്ഥിതി ദുർബല പ്രദേശങ്ങളിൽ എന്തുമാകാം എന്ന നിലപാട് അത്യന്തം അപകടകരവും പ്രതിലോമപരവുമാണ്.



# ജി ശങ്കരക്കുറുപ്പ്



ആയിരത്തിതൊള്ളായിരത്തി ഒന്നിലാണ് ജി.ശങ്കരക്കുറുപ്പ് ജനിച്ചത് . കാലടിക്കടുത്തുള്ള നായത്തോടാണ് ജന്മസ്ഥലം . മലയാള സാഹിത്യത്തിന്റെ പേരും പെരുമയും ഇന്ത്യയൊട്ടാകെ പ്രചരിപ്പിച്ച മഹാകവിയായിരുന്ന ജി.ശങ്കരക്കുറുപ്പ്. പ്രകൃതി ഗായകനും സിംബോളിക് കവിയുമായിരുന്ന അദ്ദേ-ഹം.ജ്ഞാനപീഠപുരസ്കാരം ലഭിച്ച ആദ്യമലയാള കവിയാണ് ജി.ശങ്കരക്കുറുപ്പ്. പന്മഭൂഷൺ ബഹുമതിയും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.പ്രധാനകൃതികൾ ഓടക്കുഴൽ, വിശ്വദർശനം, പാഥേയം, സൂര്യകാന്തി, നിമിഷം,

# അത്യാഗ്രഹം ആപത്താണ്

ഒരിക്കൽ ഒരു വനവേടൻ കാട്ടിലൂടെ
നടക്കുകയായിരുന്നു. കുറേ നടന്നിട്ടും ഒറ്റ
മൃഗത്തെപ്പോലും കണ്ടെത്താനായില്ല.
അവസാനം നിരാശനായി മടങ്ങാൻ
തുടങ്ങവേ ഒരു പുള്ളിമാൻ ആ വഴിവന്നു.



സന്തോഷവാനായ വേടൻ മാനിനെ
അമ്പെയ്തുവീഴ്ത്തി. അതിനെ തോളിലേറ്റി
നടന്നുനീങ്ങവേ വഴിയിൽ അദ്ദേഹം
തടിച്ചുകൊഴുത്ത ഒരു പന്നിയെ കണ്ടു.
പന്നിയെക്കൂടി സ്വന്തമാക്കണമെന്നു
കരുതിയ വേടൻ മാനിനെ തോളിൽ നിന്നും

താഴെയിറക്കി വച്ചശേഷം പന്നിയെ അമ്പെയ്തു. അമ്പുതറച്ച് മരണവെപ്രാളംകൊണ്ട പന്നി വേടന് ഒന്നു ഓടിയൊളിക്കാൻ പോലും സമയം കൊടുക്കാതെ അയാളെ ആക്രമിച്ചു.

പന്നിയുടെ വളഞ്ഞുകൂർത്ത തേറ്റകൾ വേടൻെറ വയറ്റിൽ ആഴ്ന്നിറങ്ങി. അങ്ങനെ വേടൻ കൊല്ലപ്പെട്ടു. മരണവെപ്രളത്തിനിടയിൽ വേടൻെറ ചവിട്ടേറ്റ് പുറ്റിൽ ഉണ്ടായിരുന്ന ഒരു പാമ്പ് ചത്തു.

ഈ സമയം അതുവഴി വന്ന ഒരു കുറുക്കൻ പന്നി, മാൻ, വേടൻ, പാമ്പ് എന്നിവയുടെ മൃതശരീരങ്ങൾ കണ്ടു.

കുറുക്കൻ സന്തോഷം കൊണ്ട് തുള്ളിച്ചാടിഅവന് ഏതാദ്യം കഴിക്കും എന്ന് നിശ്ചയമില്ലാതായി. ഓർക്കാപ്പുറത്ത് കിട്ടിയ ഈ സൗഭാഗ്യം കുറുക്കനെ അന്ധനാക്കി. അവൻ ഓരോ മൃതശരീരവും മണത്തുനോക്കി രസിച്ചു.

വേടൻെറ കയ്യിലുണ്ടായിരുന്ന വില്ലും മണത്തുനോക്കി. ഏതോ വിശേഷപ്പെട്ട

മൃഗത്തിൻെറ കുടൽമാല ഉണക്കി നിർമിച്ചിരിക്കുന്ന ഞാണിൻെറ ഗന്ധം കുറുക്കനെ കൊതിപ്പിച്ചു.

അവൻ ഞാണിൻെറ ഒരഗ്രം തൻെറ മുഖത്തിനു നേരെ വരത്തക്കവണ്ണം കാൽചവിട്ടി പിടിച്ച് നക്കാൻ തുടങ്ങി._ നാക്കിൻെറ അരംകൊണ്ട് ഞാൺപൊട്ടി ചാപത്തിൻെറ അഗ്രം കുറുക്കൻെറ നെറ്റിയിൽ തറച്ചു. അങ്ങനെ കുറുക്കനും മരിച്ചു വീണു.

# അണ്ണാറ കണ്ണൻ



അണ്ണാറ കണ്ണാ പൂവാലാ
കിന്നാരം പാടാൻ വാ
മാവിൻ കൊമ്പിലിരുന്ന്
മാമ്പഴം തിന്നുകയാണോ
മേലോട്ട് ഞാനും വന്നാല്
മാമ്പഴം എനിക്ക് നൽകാമോ
കൊമ്പീന്ന് കാലുകൾ തെന്നൂലാ
കൊമ്പൊടിഞ്ഞ് താഴെ വീഴൂലാ
ഒട്ടും നിനക്ക് പേടിയില്ല
ഓടി കളിക്കുന്ന അണ്ണാറ കണ്ണാ

അണ്ണാറ കണ്ണാ പൂവാലാ
കിന്നാരം പാടാൻ വാ
നിൻ വീട് മരകൊമ്പിലാണോ
കുഞ്ഞുങ്ങൾ കൂട്ടിൽ ഇരിക്കയാണോ
കൂട്ടിന് ആരെക്കിലും കാവലുണ്ടോ
കൂടെ ഞാൻ പോരട്ടയോ അണ്ണാറ കണ്ണാ
അണ്ണാറ കണ്ണാ പൂവാലാ
കിന്നാരം പാടാൻ വാ
മാവിൻ കൊമ്പിലിരുന്ന്
മാമ്പഴം തിന്നുകയാണോ
മേലോട്ട് ഞാനും വന്നാല്
മാമ്പഴം എനിക്ക് നൽകാമോ

*സഹദിയ*

# ഒന്നും ഒന്നും

ഒന്നും ഒന്നും രണ്ടാണ്
ആടിന് കൊമ്പുകൾ രണ്ടാണ്
കൂട്ടിലിരിക്കും തത്തപെണ്ണിന്
പച്ച ചിറകുകൾ രണ്ടാണ്

രണ്ടും ഒന്നും മൂന്നാണ്
തേങ്ങക്ക് കണ്ണുകൾ മൂന്നാണ്
കുടു കുടു പായും റിക്ഷയ്ക്ക്
ചക്രം മൂന്നാണ്

മൂന്നും ഒന്നും നാലാണ്
മേശയ്ക്ക് കാലുകൾ നാലാണ്
ദിക്കുകൾ ഒക്കെയും നാലാണ്

നാലും ഒന്നും അഞ്ചാണ്
കാലിന് വിരലുകൾ അഞ്ചാണ്
മാനപൂവിൻ ഇതളുകൾ
എണ്ണി പറയാം ഉത്തരം അഞ്ചാണ്

അഞ്ചും ഒന്നും ആറാണ്
ഈച്ചയ്ക്ക് കാലുകൾ ആറാണ്
ഇഷ്ടികയ്ക്ക് ഭാഗം ആറാണ്

ആറും ഒന്നും ഏഴാണ്
ആഴ്ചയിൽ ദിവസം ഏഴാണ്
മഴവില്ലിൽ വർണ്ണം ഏഴാണ്

ഏഴും ഒന്നും എട്ടാണ്
ചിലന്തിയ്ക്ക് കാലുകൾ എട്ടാണ്
അർഥ സാതി ഗ്രന്ഥികൾ എട്ടാണ്

എട്ടും ഒന്നും ഒമ്പതാണ്
പറയാം നവരസം ഒമ്പതാണ്
എണ്ണൽ സംഖ്യകളിൽ വലുത് ഒമ്പതാണ്

ഒമ്പതും ഒന്നും പത്താണ് **ഇരുകൈവിരലുകൾ പത്താണ്**

# കുഞ്ഞാറ്റക്കിളി വന്നോളൂ

ഊഞ്ഞാൽപ്പടിയിലിരുന്നോളൂ

പൊന്നോണത്തിൻ നാളല്ലേ

അന്നം പിന്നം ഞാനാട്ടാം

(കുഞ്ഞാറ്റക്കിളി...)

മഞ്ഞണിരാവു വെളുക്കുമ്പോൾ

കുഞ്ഞിക്കാറ്റേ വന്നോളൂ..

മുല്ലക്കിന്നേ കല്യണം

മംഗളഗാനമുതിർത്തോളൂ

(കുഞ്ഞാറ്റക്കിളി...)

കുഞ്ഞിക്കുനാ കുടവയറാ

ഉണ്ണിക്കുട്ടാ പോന്നോളൂ

മഞ്ഞക്കോടിയുടുത്തോളൂ

നാക്കില വച്ചു വിളമ്പാം ഞാൻ


*(കുഞ്ഞാറ്റക്കിളി...)*

# സ്വാതന്ത്ര്യഗാഥ

സ്വാതന്ത്ര്യം സ്വാതന്ത്ര്യ സ്വാതന്ത്ര്യം
വിദേശ ശക്തികൾ പടുത്തുയർത്തിയ
കോട്ടകൾ തകർത്തെറിഞ്ഞും
കറുത്തകാവൽപ്പുരകളിൽ മിന്നിയ
തോക്കുകൾ വലിച്ചെറിഞ്ഞും
അക്രമ രഹിതപഥങ്ങളിലൂടെ
നേടിയ സുന്ദരസ്വപ്നം
സ്വാതന്ത്ര്യം സ്വാതന്ത്ര്യം സ്വാതന്ത്ര്യം
(സ്വാതന്ത്ര്യം...)
മതേതരത്വം തഴച്ചുവളരും
ഭാരതഭൂവിൽ മണ്ണിൽ
സാഹോദര്യം സമത്വമെന്നൊരു
മുദ്രാവാക്യമുയർത്തി
മിന്നേറുകയായ് അണിചേർന്നണിചേർ-
ന്നൊരൊറ്റ ജനതതിയായ്
ഇന്നൊരൊറ്റ ജനതതിയായ്
(സ്വാതന്ത്ര്യം...)
ജനാധിപത്യം നമുക്കു നൽകിയ
അധികാരത്തിൻ തണലിൽ
ആവേശത്താലുയർത്തിടുന്നൊരു
മൂവർണ്ണക്കൊടിയേന്തി
വന്നണയുകയായ് വർണ്ണം വിതറും
തരംഗമാലകളായ്,പുതു
തരംഗമാലകളായ്
*(സ്വാതന്ത്ര്യം...)*

# മലയാളമേ നിനക്കഭിവാദനം


കളകളം ഒഴുകുന്ന നദികളാൽ നീളേ
കുളിർ ചൂടി നിൽക്കുന്ന മലയാളമേ
ഇളനീർ ചുരത്തുന്ന മൊഴികളാലെന്നും
കിളിമകൾ പാടുന്ന മലയാളമേ
അഭിവാദനം നിനക്കഭിവാദനം,എൻെറ



യകതാരിൽ നിന്നുറുമഭിവാദനം
(കളകളം...)
തെങ്ങും കവുങ്ങും തലയാട്ടി നിൽക്കുന്ന
തൊടികളിൽ അലയുന്ന കുളിർതെന്നലേ
വയൽ വരമ്പോരത്തു കതിരുതിന്നാൻവരും
അരിമുല്ലക്കാട്ടിലെ കുരുവികളേ
മലയാള നാടിൻെറ സുകൃതമല്ലേ നിങ്ങൾ
മംഗളം പാടും സുദിനമല്ലോ
(കളകളം...)
പൊങ്ങിപ്പറക്കും മുകിൽമാലയോടൊപ്പം
മാനത്തു മിന്നുന്ന മണിമുകിലേ
ഓടിക്കളിക്കുന്ന പൈക്കിടാങ്ങൾക്കൊപ്പം
അണിചേരും കരുമാടികുഞ്ഞുങ്ങൾക്കൊപ്പം
മലയാള നാടിൻെറ മഹിമയല്ലോ നിങ്ങൾ
മലയജം ചൂടും മരന്ദമല്ലോ
*(കളകളം....)*

# റിച്ചാർഡ് സ്റ്റാൾമാൻ

റിച്ചാർഡ് മാത്യു സ്റ്റാൾമാൻ 1953 മാർച്ച് 16 ന് ജനിച്ചു.സ്വതന്ത്രസോഫ്റ്റ് വെയർ പ്രസ്ഥാന പ്രവർത്തകനും പ്രോഗ്രമറുമാണ്.സോഫ്റ്റ് വെയറുകൾ ഉപയോഗപ്പെടുത്തുന്നതിനും,പഠിക്കുന്നതിനും,വിതരണം ചെയ്യുന്നതിനും,പരിഷ്കരിക്കുന്നതിനുമുള്ള സ്വാതന്ത്ര്യത്തെ അതിൻെ ഉപയോക്താക്കൾക്ക് മനസിലാക്കി കൊടുത്തു.



# കുളത്തിലെ മീനുകൾ

ഒരു കുളത്തിൽ മൂന്നു മത്സ്യങ്ങളുണ്ടായിരുന്നു.അതിൽ ഒരാൾ ആപത്തുക മുൻകൂട്ടി മനസിലാക്കി രക്ഷപ്പെടുമായിരുന്നു. രണ്ടാമത്തെ മീൻ ധൈര്യശാലിയായിരുന്നു.ഏതാപത്തി-നേയും അവൻ ധൈര്യത്തോടെ നേരിടുമായിരുന്നു. മൂന്നാമത്തെ മീൻ കുഴിമടിയനായിരുന്നു.വരുന്നത് വരുന്നി-ടത്തുവച്ച് കാണാം എന്നതായിരുന്നു അവന്റെ സ്വഭാവം. അങ്ങനെയിരിക്കേ ഒരു ദിവസം രണ്ട് മനുഷ്യർ ആ കുളക്ക-രയിലെത്തി .അവരിൽ ഒരാൾ പറഞ്ഞു..ഈ കുളത്തിൽ നല്ല
മുഴുത്ത മത്സ്യങ്ങളുണ്ട്.നാളെ നമുക്ക് വലയിട്ട് അവയെ പിടിക്കാം.ഈ സംഭാഷണം മത്സ്യങ്ങൾ കേട്ടു. ഒന്നാമൻ അപ്പോൾത്തന്നെ അടുത്തുള്ള പുഴയിലേക്ക് രക്ഷപ്പെട്ടു. പിറ്റേന്ന് വലയുമായി മീൻ പിടിക്കാൻ ആളെത്തി. ഇതുകണ്ട് രണ്ടാമത്തെ മീൻ ചത്തതുപോലെ കിടന്നു. ചത്ത മത്സ്യത്തെ ഒരു മനുഷ്യൻ എടുത്ത് ദൂരേക്കെറിഞ്ഞു. പെട്ടെന്ന് അവൻ അടുത്ത കുളത്തിലേക്ക് രക്ഷപ്പെട്ടു. മൂന്നാമനാകട്ടെ രക്ഷപ്പെടാനൊരുപായമില്ലാതെ വലയിൽ കിടന്നു പിടഞ്ഞുകൊണ്ടേയിരുന്നു.

# അരുതേ അരുതേ

അരുതേ അരുതേ ചങ്ങാതികളേ

അരുമരങ്ങൾ മുറിക്കരുതേ

കായും കനിയും നമ്മക്കൾക്കേവും

കനകമരങ്ങൾ മുറിക്കരുതേ

പച്ചപ്പു വിടർത്തി നിൽക്കും

കൊച്ചുമരങ്ങൾ മുറിക്കരുതേ

കുളിരും തണലും നമ്മൾക്കേകും

കുളിർമരമയ്യോ! വെട്ടരുതേ.

കിളികൾക്കെല്ലാം വീടായ്മാറും

തളിർമരമിനിയും വെട്ടരുതേ.

നമ്മുടെ ജീവന താങ്ങായ് നിൽക്കും

അരുമമരങ്ങൾ മുറിക്കരുതേ.

(സിപ്പി പള്ളിപ്പുറം)

# ഹൈടെക്ക് പദ്ധതി

1.45000 ക്ലാസ്സ്മുറികൾ ഹൈടെക് ആക്കുന്നു.

2. 139 സ്കൂളുകളിലെ 45000 ക്ലാസ്സ്മുറികൾ ഹൈടെക്കായി വരുന്നു.

3. 8 മുതൽ12 വരെയുള്ളക്ലാസുകളാണ് ഹൈടെക്കാക്കുന്നത്.

**4.** സമഗ്രവഴിയാണ് പാഠപുസ്തകങ്ങൾ പഠിപ്പിക്കുന്നത്.

**5. ഹൈടെക്കിൻെറ ഭാഗമായി വരുന്ന കുട്ടികളുടെ കൂട്ടായ്മയാണ് ലിറ്റിൽകൈറ്റ്സ്.**

# The Fox and the Grapes





**One day a hungry fox was walking around looking for food. Then he saw some lovely grapes. The fox jumped up. But he could not reach the grapes. He jumped again and again. Still he could not get the grapes. "Those grapes are sour. I don' t want them,"said the fox. Then he walked away sadly.**

# ***BITS OF PAPER***

Bits of paper,
Bits of paper,
Lying on the floor,
Ling on the floor;
Make the place untidy,
Make the place untidy,
Pick them up,


**Pick them up;**

# A FOR APPLE, B FOR BALL




A for apple,

B for ball 



C for cat

and D for dog



If I learn my A B C

**Soon a great man I will be.**

# The Fox and the Crow



One day a crow got a biscuit. It sat on the branch of a tree. It was going to eat the biscuit. Then a cunning fox saw it. Fox said to the crow, 'You are a good singer. Will you sing a song for me?'

The crow began to sing, 'kaw, kaw.' Then the biscuit fell down from its mouth. The fox at once took the biscuit and ran away. Poor crow. It lost the biscuit.

# RAIN RAIN GO AWAY

*Rain rain go away*
*Come again another day*
*Little chuchu wants to play*
*Rain,rain go away*

*Rain rain go away*
*Come again another day*
*Little chacha wants to play*
*Rain rain go away*




*Rain rain go away*
*Come again another day*
*Little chika wants to play*
*Rain rain go away*
*6.*
*Rain rain go away*
*Come again another day*
*Little chika wants to play*
*Rain rain go away*

*Rain rain go away*
*Come again another day*
***All the friends wants to play***

# ***Batterflies Butterflies***



Pretty Butterflies
Butterflies
Butterflies
Thrifty Butterflies
(Butterflies...)
Flying all the while and
prying into flowers
Sucking all the nectar and
Flapping little wings
(Butterflies...)
Dreaming of wide world and
Roaming gardens all
Enjoying the comforts and
forgetting themselves
(Butterflies...)

# നന്ദി

ഈ മാഗസീന് വേണ്ടി പ്രവർത്തിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും മേൽനോട്ടം വഹിച്ച അധ്യാപകർക്കും എൻെറയും ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെയും പേരിലുള്ളനന്ദി അറിയിക്കുന്നു.

സ്റ്റുഡൻെറ് എഡിറ്റർ

**വർഷ.റ്റി.ബാലൻ**